(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ ഒരു ടെക്സ്റ്റയിൽ മില്ലും അടഞ്ഞുകിടന്നിരുന്നില്ല. സ്വകാര്യ മേഖലയിൽ അടഞ്ഞുകിടന്നിരുന്ന മില്ലുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി)&(ഡി) ഉണ്ട്. കണ്ണൂർ തിരുവേപ്പതി സ്പിന്നിംഗ് മില്ല് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി മാനേജ്മെന്റും, തൊഴിലാളി സംഘടനകളുമായി സർക്കാർ പലവട്ടം ചർച്ച നടത്തിയിട്ടുണ്ട്. മാനേജ്മെന്റുമായി നിരവധി ചർച്ചകൾ നടത്തിയിട്ടും പ്രയോജനമുണ്ടായില്ല. തൊഴിലാളികൾ സഹകരണാടിസ്ഥാനത്തിൽ ഈ മില്ല് പ്രവർത്തിപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു. സർക്കാർ ഇതു പരിശോധിക്കുന്നതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്ക്കരിക്കാൻ നടപടി

15 (*285)ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിഷ്ക്കരിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങൾമൂലം വീടുകൾ, സ്ഥാപനങ്ങൾ, സ്കൂൾകെട്ടിടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ പണിയാൻ ഉദ്ദേശിക്കുന്നവർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തി ഉത്തരവുകൾ പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) നിലവിലുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ തെരുവിന്റെ മദ്ധ്യത്തിൽ നിന്നും കെട്ടിടത്തിലേയ്ക്കുള്ള അകലം, പിന്നിലും വശങ്ങളിലും വേണ്ട പുരയിടത്തിന്റെ വിസ്തീർണ്ണം, നിലവിലെ കെട്ടിടങ്ങൾക്ക് മുകളിൽ പുതിയ നിർമ്മാണങ്ങൾ, 3 സെന്റ് വരെ മാത്രം ഭൂമിയുള്ളവരുടെ നിർമ്മാണങ്ങൾ തുടങ്ങിയവയിലൊക്കെ കാര്യമായ ഇളവുകൾ ഉൾകൊള്ളിച്ചിട്ടുണ്ട്. എങ്കിലും പുതിയ ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ കൂടി ലഘൂകരിക്കണമെന്ന ആവശ്യം ഉയർന്നുവന്ന സാഹചര്യത്തിൽ ചട്ടങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് രൂപം കൊടുത്തുവരികയാണ്.

"റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്ന ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിന് നടപടി"

16 (*286)ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം.പി. വർഗ്ഗീസ് :

LIBRARY ARCHIVES Kerala Legislative Assembly